# Deepika

## 20 August 2018

## Kochi: After Flood , Pubic News

പൊതുവിശേഷം

കണ്ണീരിലും കൊള്ള

# ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കിയതിനെച്ചൊല്ലി സംഘർഷം

**പൂഴ്ത്തിവച്ച ഒമ്പത് ചാക്ക് അരി പിടിച്ചെടുത്തു**

**കൊച്ചി:** ഭക്ഷ്യസാധനങ്ങൾക്ക് അമിതവില ഈടാക്കിയത് സംഘർഷത്തിന് ഇടയാക്കി. ജനങ്ങളുടെ പരാതിയെ തുടർന്ന് പൊതുവിതരണ വകുപ്പ് അധികൃതർ നടത്തിയ പരിശോധനയിൽ പൂഴ്ത്തിവച്ച ഒമ്പത് ചാക്ക് അരി പിടിച്ചെടുത്തു. തൃക്കാക്കര ഭാരത മാതാ കോളജിനും പോലീസ് സ്റ്റേഷനും സമീപം സ്ഥിതി ചെയ്യുന്ന രണ്ടു സൂപ്പർമാർക്കറ്റുകളിലാണ് അരിക്കും പഞ്ചസാരയ്ക്കും അമിതവില ഈടാക്കിയത്. രണ്ടും ഒരാളുടെ ഉടമസ്ഥതയിലുള്ള കടകളാണ്.

ഭക്ഷ്യസാധനങ്ങൾക്ക് ക്ഷാമമുണ്ടെന്ന വാർത്തയെ തുടർന്ന് ഇന്നലെ രാവിലെ മുതൽ നല്ല തിരക്കായിരുന്നു. ഇതിനിടെയാണു വിലയെ ചൊല്ലി തർക്കവും സംഘർഷവുമുണ്ടായത്. തുടർന്ന് തൃക്കാക്കര പോലീസും ആരോഗ്യവകുപ്പ് അധികൃതരും പൊതുവിതരണ ഉദ്യോഗസ്ഥരും എത്തി. തുടർന്നാണു ഗോഡൗണിൽ സൂക്ഷിച്ചിരുന്ന അരി പിടിച്ചത്. ഉടമയ്ക്കെതിരെ കേസെടുത്തു. ജില്ലയിൽ പച്ചക്കറിക്ക് അമിതവില ഈടാക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു പോലീസ് അറിയിച്ചു.

എറണാകുളം മാർക്കറ്റിൽ പച്ചക്കറിക്ക് ഇന്നലെ അമിതവില ഈടാക്കിയതായും പരാതിയുണ്ട്. പച്ചക്കറികൾക്കെല്ലാം കിലോയ്ക്ക് 50 മുതൽ 100 രൂപ വരെയാണ് ഈടാക്കിയിരുന്നത്. വെണ്ടക്കയ്ക്കും തക്കാളിക്കും നൂറു രൂപയ്ക്ക് മുകളിലും ഈടാക്കി. ബീൻസ്, അച്ചിങ്ങ മുതലായവയ്ക്ക് മൂന്നിരട്ടിയാണ് വില കൂട്ടിയത്. അമിതവില ഈടാക്കിയതിനെ തുടർന്ന് സാധനങ്ങൾ വാങ്ങാനെത്തിയവരും കച്ചവടക്കാരും തമ്മിൽ വാക്കുതർക്കമുണ്ടായി.

ഇടമലയാറിലെ ജലനിരപ്പ് 168.32 മീറ്റർ

# 733 ക്യാമ്പുകളിലായി 2,61,634 ദുരിതബാധിതർ

**കൊച്ചി:** ഇടുക്കി, ഇടമലയാർ അണക്കെട്ടിൽനിന്നു തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് കുറച്ചതോടെ പെരിയാറിലെ ജലനിരപ്പ് അഞ്ചടിയോളം കുറഞ്ഞു. ഇടമലയാർ ഡാമിന്റെ ഉയർത്തിവച്ചിരുന്ന നാലു ഷട്ടറുകളും ഒരു മീറ്ററാക്കി കുറച്ചു. 400 ഘനയടി വെള്ളമാണ് ഇപ്പോൾ പുറത്തേക്കുവിടുന്നത്. 169 മീറ്റർ സംഭരണ ശേഷിയുള്ള ഡാമിൽ നിലവിൽ 168.32 മീറ്ററാണ് വെള്ളം.

പെരിയാറും ചാലക്കുടി പുഴയാറും കരകവിഞ്ഞതോടെ ദേശീയപാത-47ൽ എറണാകുളത്തിനും തൃശൂരിനുമിടയിൽ കെഎസ്ആർടിസി സർവീസ് ഭാഗികമായി പുനസ്ഥാപിച്ചു. എംസി റോഡിൽ മൂവാറ്റുപുഴയ്ക്കും അങ്കമാലിക്കുമിടയിലും ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. കൊച്ചി-ധനുഷ്കോടി ദേശീയപാതയും തുറന്നു. എറണാകുളത്തുനിന്നുള്ള കെഎസ്ആർടിസി ദീർഘദൂര സർവീസുകൾ പുനരാരംഭിച്ചത് യാത്രക്കാർക്ക് ആശ്വാസമായി. വേഗ നിയന്ത്രണമുണ്ടെങ്കിലും എറണാകുളത്തുനിന്ന് കോട്ടയം വഴി തിരുവനന്തപുരത്തിന് ട്രെയിൻ ഗതാഗതവും പുനസ്ഥാപിച്ചു.

നെടുമ്പാശേരി വിമാനത്താവളം 26 വരെ അടച്ചതിനാൽ കൊച്ചി നിവിക വിമാനത്താവളത്തിൽ നിന്ന് ചെറുവിമാനങ്ങൾ ഇന്നുമുതൽ സർവീസ് ആരംഭിക്കും. നെടുമ്പാശേരി വിമാനത്താവളത്തിലെ റൺവേയിൽ നിന്ന് വെള്ളം ഇറങ്ങിയതിനെ തുടർന്ന് റൺവേ ക്ലീനിംഗ് ജോലികൾ പുരോഗമിക്കുകയാണ്. കൊച്ചി മെട്രോ സർവിസ് മുടക്കമില്ലാതെ തുടരുന്നുണ്ട്. ജില്ലയിൽ മൊത്തം 733 ക്യാമ്പുകളിലായി 2,61,634 ദുരിതബാധിതർ കഴിയുന്നുണ്ട്.